**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5465** **03-11-2021 - ൽ മറുപടിയ്ക്ക്**

**സാന്ത്വനം ചികിത്സാ പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സാന്ത്വനം ചികിത്സാ പദ്ധതിയിൽ നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ; | (എ) | മൂന്ന് തലങ്ങളായി നടപ്പിലാക്കുന്ന സാന്ത്വനം പദ്ധതിയുടെ പ്രൈമറി തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നിയമിതരായിട്ടുള്ള 1085 പാലിയേറ്റീവ് കെയർ നേഴ്സുമാരും, സെക്കൻഡറി തലത്തിൽ ദേശീയ ആരോഗ്യ ദൗത്യം വഴി 329 സ്റ്റാഫ് നേഴ്സുമാരും 11 ഡോക്ടർമാരും 247 ഫിസിയോതെറാപ്പിസ്റ്റുമാരും പ്രവർത്തിച്ച വരുന്നു. കൂടാതെ എല്ലാ ജില്ലയിലും ഒരു പാലിയേറ്റീവ് കെയർ കോ ഓർഡിനേറ്ററിനെയും ദേശീയ ആരോഗ്യ ദൗത്യം വഴി നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പി.എച്ച്.സി. തലത്തിലേക്ക് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പാലിയേറ്റീവ് കെയർ പദ്ധതിയുടെ അടിസ്ഥാന പ്രവർത്തന കേന്ദ്രം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ്. പഞ്ചായത്ത് തലത്തിൽ നിയമിതരാകുന്ന പാലിയേറ്റീവ് കെയർ നേഴ്സിന്റെ ആസ്ഥാനം പ്രാഥമികാരോഗ്യ കേന്ദ്രമാണ്. സംസ്ഥാനത്ത് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാന്ത്വന പരിചരണ പരിപാടി ഇപ്പോൾ തന്നെ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | പദ്ധതിയിൽ നിലവിൽ എത്ര രോഗികൾക്ക് പരിചരണം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്താകമാനം രണ്ട് ലക്ഷത്തി ഇരുപത്തി അയ്യായിരത്തോളം രോഗികൾക്ക് പാലിയേറ്റീവ് പരിചരണം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ